കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ് ) ന്റെ നടപടിക്രമം

സംക്ഷിപ്തം

ഗുരുതരമായ കൃത്യവിലോപവും, ചട്ടലംഘനവും 25.01.2014 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു - കരുനാഗപ്പള്ളി ഡിപ്പോയിലെ മെക്കാനിക്ക് ശ്രീ.രാജേഷ്.വി.എസ് - നെതിരെയുള്ള അച്ചടക്ക നടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള ഉത്തരവ്

---

വിജിലൻസ് വിഭാഗം

നമ്പർ:VLA1/27726/2017(A&VB4) തിരുവനന്തപുരം ,തീയതി:06.04.2023

---

സൂചന 1.E2/585/17/KNPY എന്ന നമ്പർ പ്രകാരമുള്ള 06.02.2017 ലെ കരുനാഗപ്പള്ളി യൂണിറ്റോഫീസറുടെ കത്ത്

2.ഇതേ നമ്പർ പ്രകാരമുള്ള 03.08.2021 ലെ കുറ്റപത്രം

3.07.09.2021 - ലെ കുറ്റപത്രത്തിനുള്ള വിശദീകരണം

4.21.12.2021 - ലെ വിശദാന്വേഷണ റിപ്പോർട്ട്

5.23.12.2022 - ലെ വിശദാന്വേഷണ റിപ്പോർട്ടിനുള്ള വിശദീകരണം

6.24.01.2023 - ലെ കാരണം കാണിക്കൽ നോട്ടീസ്

7.10.02.2023 - ലെ കാരണം കാണിക്കൽ നോട്ടീസിനുള്ള് വിശദീകരണം

## ഉത്തരവ്

കരുനാഗപ്പള്ളി ഡിപ്പോയിലെ മെക്കാനിക്ക് ശ്രീ.രാജേഷ്.വി.എസ് എന്ന താങ്കൾ 25.01.2014 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിക്കാതെയും മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് ഗുരുതരമായ കൃത്യ വിലോപവും അച്ചടക്കലംഘനവുമാണ്. ആയത് സുഗമമായ വർക്ക് ഷോപ്പ് പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതുമാകയാൽ ശ്രീ.രാജേഷ് .വി.എസ് നെതിരെ അച്ചടക്ക നടപടി ആരംഭിച്ച് 1960- ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 03.08.2021 തീയതിയായി സൂചന (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയുണ്ടായി.കുറ്റപത്രം കൈപ്പറ്റുകയും ആയതിന് 07.09.2021 തീയതിയായി താങ്കൾ ഒരു മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ് തുടർന്ന് / ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ഒരു ഔപചാരിക അന്വേഷണത്തിനായി (FormalEnquiry) അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ പത്തനംതിട്ടയെ എൻക്വയറി ഓഫീസറായി ചുമതലപ്പെടുത്തുകയും, 16.12.2021-ൽ എൻക്വയറി ഓഫീസർ കുറ്റാരോപിതനെ മുഖദാവിൽ കേൾക്കുകയുണ്ടായി. ബന്ധപ്പെട്ട അധികാരികളുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ 25.01.2014 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക വഴി ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും നടത്തിയതായി കാണുന്നതിനാൽ താങ്കളെ കുറ്റക്കാരനായി അന്വേഷണാധികാരി കണ്ടെത്തി സൂചന (4) പ്രകാരം അന്വേഷണാധികാരി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് 04.01.2022 തീയതിയായി താങ്കൾക്ക് നൽകുകയും സൂചന (5) പ്രകാരം താങ്കൾ വിശദീകരണം നൽകുകയുമുണ്ടായി.അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ഈ ഫയലുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖകളും ഞാൻ പരിശോധിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ദീർഘകാലം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന താങ്കളുടെ പ്രവൃത്തി ന്യായീകരിക്കാവുന്നതല്ല.

സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ താങ്കൾ 03.01.2011 ൽ കോർപ്പറേഷന്റെ സർവ്വീസിൽ പ്രവേശിച്ചുവെന്നും അനധികൃതമായി ദീർഘകാലം ജോലിയിൽ നിന്നും വിട്ടു നിന്നതിനെ തുടർന്ന് 11.12.2013 ൽ "NEW ENTRANT" ആയി സർവ്വീസിൽ പുന: പ്രവേശിപ്പിക്കുകയും ചെയ്തു എന്ന് കാണുന്നു. പുന:പ്രവേശിപ്പിച്ച ശേഷം 25.01.2014 മുതൽ താങ്കൾ വീണ്ടും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നു. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ഈ പ്രവണത തുടരുന്നതും അനുവദിക്കാൻ പാടില്ലായെന്നും കോർപ്പറേഷന്റെ താൽപര്യങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് അഭികാമ്യമല്ല എന്നും കണ്ട് 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിവും,നിയന്ത്രണവും,അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 11(Vii)പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ (Removal from service) ഉദ്ദേശിക്കുന്നതായി കാണിച്ച് സൂചന (6) പ്രകാരം ഒരു കാരണം കാണിക്കൽ നോട്ടീസ് താങ്കൾക്ക് നൽകിയിരുന്നു. ആയതിന് താങ്കള് സൂചന 7 പ്രകാരം വിശദീകരണം നൽകുകയുണ്ടായി.ടി വിശദീകരണം അനുബന്ധ ഫയലിലെ രേഖകളുടെയും ലഭ്യമായ

തെളിവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. താങ്കളുടെ വിശദീകരണം കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ശിക്ഷയിൽ ഇളവ് നൽകുവാൻ പര്യാപ്തമല്ലായെന്ന് കാണുന്നു.

സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഒരു ജീവനക്കാരന് അവധിയിൽ പ്രവേശിക്കണമെങ്കിൽ യഥാസമയം ലീവപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും അനുവാദം വാങ്ങണം. മാത്രവുമല്ല മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലാണ് ലീവപേക്ഷയെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ലീവപേക്ഷയോടൊപ്പം നൽകണമെന്നമാണ് വ്യവസ്ഥ.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കരുനാഗപ്പള്ളി ഡിപ്പോയിലെ മെക്കാനിക്ക് ശ്രീ.രാജേഷ്.വി.എസ് എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(Vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Removal from service) താത്കാലികമായി എടുത്ത തീരുമാനം അന്തിമമാക്കി താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from service) ഇതിനാൽ ഉത്തരവാകുന്നു.

എ ഷാജി

( ഗവ : ജോയിന്റ് സെക്രട്ടറി )

എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

6/4/23

6/4/2023

സ്വീകർത്താവ്

ശ്രീ .രാജേഷ് .വി.എസ് ,മെക്കാനിക്ക് ,കരുനാഗപ്പള്ളി
(ജില്ലാ അധികാരി കൊല്ലം മുഖേന )

പകർപ്പ് : ജില്ലാ അധികാരി കൊല്ലം - ടി ഉത്തരവ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട് തിരിച്ചയക്കേണ്ടതും ടിയാന്റെ സർവ്വീസ് ബുക്കിലും പണിഷ് മെന്റ് രജിസ്റ്ററിലും ശിക്ഷാ വിവരം രേഖപ്പെടുത്തേണ്ടതും വിവരം ജി –സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

പി .എസ് .ടു സി .എം .ഡി , സ്റ്റെനോ ടു ഇ .ഡി .വി , സ്റ്റെനോ ടു ഇ ഡി എ
ഓഡിറ്റ് ഓഫീസർ ,പേമെന്റ് സെൽ ,പി എഫ് സെക്ഷൻ , ഇ .ഡി പി. സി,
ജനറൽ സെക്ഷൻ , ഗ്രഡേഷൻ സെക്ഷൻ , പെൻഷൻ സെക്ഷൻ, എ &വി സെക്ഷൻ,
എല്ലാ ജില്ല അധികാരികൾക്കും ,എല്ലാ യൂണിറ്റോഫീസർമാർക്കും ,

സ്റ്റോക്ക് ഫയൽ / ഫയൽ

DL